പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3621 30.01.2014 ൽ മറുപടിക്ക്

## തണ്ടർ ബോൾട്ട്സ് സുരക്ഷാ വിഭാഗം

| ചോദ്യം<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ഹൈബി ഈഡൻ | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് കമാന്റോകളെ ഉൾപ്പെടുത്തി തണ്ടർബോൾട്ട്സ് സുരക്ഷാ വിഭാഗം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കമാൻഡോ വിഭാഗത്തിലേക്ക് നേരിട്ട് റിക്രൂട്ട് ചെയ്യപ്പെട്ടിട്ടുള്ള കമാൻഡോ പി.സി.മാരെ ഉൾപ്പെടുത്തി തണ്ടർബോൾട്ട് സുരക്ഷാ വിഭാഗം ആരംഭിച്ചിട്ടുണ്ട്. |
| ബി) ഈ സുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ഭീകരാക്രമണം, തീവ്രവാദഭീഷണി, വർഗ്ഗീയ സംഘർഷം എന്നിവയെ നേരിടുകയാണ് ഈ വിഭാഗത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ. |
| സി) എന്തെല്ലാം ആധുനിക രീതിയിലുള്ള പരിശീലനങ്ങളാണ് ഇവർക്ക് നൽകിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) കമാൻഡോ സേനാംഗങ്ങൾക്ക് 9 മാസത്തെ അടിസ്ഥാന പരിശീലനവും 9 മാസം ആർമി, നേവി. എയർഫോഴ്സ്, എൻ.എസ്.ജി, സി.പി.എഫ്.എസ് എന്നിവിടങ്ങളിൽ സ്പെഷ്യൽ കമാൻഡോ പരിശീലനം, കൗണ്ടർ ഇൻസർജൻസി ട്രെയിനിംഗ് എന്നിവ നൽകുകയും ചെയ്യുന്നു. |
| (ഡി) ഏതെല്ലാം മേഖലകളിലാണ് ഇവരുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) സംസ്ഥാന സുരക്ഷയെ ബാധിക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾ, തീവ്രവാദ പ്രവർത്തനങ്ങൾ, ദേശ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയെ കർശനമായി നേരിടുന്നതിനും അമർച്ച ചെയ്യുന്നതിനും വേണ്ടിയാണ് ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ